

പ്രത്യക്ഷത്തിൽ ഒരു സമാഹാരഗ്രന്ഥമാണെങ്കിലും സ്വത്തിൽ സ്വന്തമായ ഒരു കൃതിയാണിതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ വിശ്വാസത്തോടെയും തജ്ജന്യമായ ആവേശത്തള്ളലോടെയുമാണ് ഇതിൽ പ്രവർത്തിച്ചതും. സ്വാമിയെക്കുറിച്ച് 'മൊസെയ്ക്' മാതൃകയിൽ ഒരു ചിത്രം നിർമ്മിക്കുന്നു എന്ന സാദൃശ്യ ചിന്ത ഇപ്പോൾ കണ്ടുപിടിച്ചു പറയുന്നതല്ല; അപ്പോഴേ സ്പഷ്ടമായി അതെന്നിലുണ്ടായിരുന്നു.

## പി.കെ.ബാലകൃഷ്ണൻ

# നാരായണഗുരു

ഡി സി ബുക്സ്

സമാഹാരം

ISBN 81-264-1186-4

₹ 195.00

പി.കെ. ബാലകൃഷ്ണൻ •

8M4.08
764

പി.കെ.ബാലകൃഷ്ണൻ

8M4.08
CASMTVK
764

നാരായണഗുരു

764

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 764 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

8M4.08
CASMTVK
764

പി.കെ. ബാലകൃഷ്ണന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

പ്ലൂട്ടോ പ്രിയപ്പെട്ട പ്ലൂട്ടോ
ഇനി ഞാൻ ഉറങ്ങട്ടെ

*ലേഖനം*

പി.കെ. ബാലകൃഷ്ണന്റെ ലേഖനങ്ങൾ
കേരളീയതയും മറ്റും

*പഠനം*

നോവൽ: സിദ്ധിയും സാധനയും
ചന്തുമേനോൻ ഒരു പഠനം
ജാതിവ്യവസ്ഥിതിയും കേരളചരിത്രവും
എഴുത്തച്ഛന്റെ കല-ചില വ്യാസഭാരത പഠനങ്ങളും
കാവ്യകല കുമാരനാശാനിലൂടെ

*ജീവചരിത്രം*

ടിപ്പു സുൽത്താൻ

*സമാഹാരം*

നാരായണഗുരു

പി.കെ. ബാലകൃഷ്ണൻ

# നാരായണഗുരു

സമാഹാരഗ്രന്ഥം

ഡി സി ബുക്സ്

LIBRARY

Malayalam Language
Nārāyanaguru
Literature/Anthology
Compiled & Edited by
**P.K. Balakrishnan**
Rights Reserved
First published 1954
First DCB edition February 2006
5th impression June 2012

*Cover Design*
Baiju Kurumullur

*Publishers*
D C Books, Kottayam 686 001
Kerala State, India
Blog: www.dcbooks.com/blog
e-mail: info@dcbooks.com
Online Bookstore: www.dcbookshop.net

*Distributors*
**D C Books-Current Books**

Export Sales D C Press (P) Ltd., Kottayam, Kerala

**D C Books Library Cataloguing in Publication Data**
Narayanaguru / edited by P.K. Balakrishnan.
360p., 21cm.
ISBN 81-264-1186-4
1. Biography I. Balakrishnan, P.K.
923.654 83-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-1186-4

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS - The first Indian Book Publishing House to get ISO Certification

**₹ 195.00**

205/12-13-Sl.No. 11977-dcb 3197-(5)2000-4995-06-12-Spb. 18.6-p en-r(t) sd-d(t) ak

# പ്രസ്താവന

സ്വാമിയുടെ ശതവാർഷികം അതർഹിക്കുന്ന ഗാംഭീര്യത്തോടെ ആഘോഷിക്കണമെന്ന് ശ്രീ കെ.കെ. വിശ്വനാഥൻ തുടങ്ങിയവരുടെ ഉത്സാഹത്തിന്റെ ഫലമായിട്ടു തീരുമാനിക്കപ്പെട്ട അന്നുതന്നെ, ഒരു പ്രസിദ്ധീകരണവുംകൂടി വേണമെന്നുള്ള തീരുമാനമെടുത്തതാണ്. അർഹന്മാരായവർ മാത്രമുള്ള ഒരു പ്രത്യേക കമ്മിറ്റിയും അതിനായി അന്നു നിയമിതമായി.* പക്ഷേ, പല സാഹചര്യങ്ങൾകൊണ്ടും പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയാതെ മാസങ്ങൾതന്നെ കടന്നുപോയി. ഒടുവിൽ ഒക്ടോബർ മാസം പുലർന്നു. കമ്മിറ്റി ഏകോപിച്ചു പ്രവർത്തിച്ച് ഈ സംരംഭം ആശിച്ചപോലെ വിജയിപ്പിക്കാൻ സമയം പോരെന്നുള്ള നിലവന്നു. ആഘോഷസംബന്ധമായി നൂറായിരം കാര്യങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടവരായിത്തീർന്നു കമ്മിറ്റിയംഗങ്ങൾ ഒന്നൊഴിയാതെ എല്ലാവരും. അങ്ങനെ പുസ്തകത്തിന്റെ പൂർണമായ ചുമതല ഞാൻ ഏറ്റെടുത്തു. എനിക്ക് ഒരാൾക്ക്, ഈ സമയത്തിനിടയ്ക്ക് തനിച്ചാവുംവിധം ഈ പുസ്തകം നന്നാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഇതിനു വേണ്ടിയിരുന്ന പത്ര-ഗ്രന്ഥശേഖരണങ്ങളും ഇതിലേക്കുവേണ്ട എഴുത്തുകളും പരിഭാഷകളും ക്രമപ്പെടുത്തലുകളുമെല്ലാം ഒക്ടോബർമാസംകൊണ്ടു തീർത്തു. ഇതിൽ വരുന്ന ലേഖനങ്ങളും മറ്റും വെട്ടിയെടുത്തു ചേർത്തതാണെന്നു തോന്നുമെങ്കിലും വാസ്തവമങ്ങനെയല്ല. ഓരോ ലേഖനവും ഓരോരോ വ്യത്യസ്തസന്ദർഭത്തിനുവേണ്ടി എഴുതപ്പെട്ടവയായിരുന്നതുകൊണ്ട് എല്ലാത്തിലും കാണാമായിരുന്നു സ്വാമിയുടെ ജീവചരിത്രത്തിലെ ചില സംഭവങ്ങളുടെ ഒരേ ആവർത്തനം. അതെല്ലാം പെറുക്കിക്കളഞ്ഞ്, ഈ പുസ്തകത്തിലെ വിഭാഗങ്ങൾ ആക്കിയുള്ള തരംതിരിവിനു ചേർന്നവണ്ണം തലക്കെട്ടുകളും മാറ്റി, ചില ഭാഗങ്ങൾതന്നെയും വിട്ടുകളഞ്ഞു വേണ്ടിയിരുന്നു ഓരോന്നും സ്വീകരിക്കാൻ. പക്ഷേ, ഒരു കാര്യം പറഞ്ഞേക്കാം; യാതൊരു ലേഖകന്റെയും ഗ്രന്ഥകർത്താവിന്റെയും ഒരൊറ്റ വാക്കോ, ഒരു കോമയോ, ഞാൻ വ്യത്യാസപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് എല്ലാം പകർത്തേണ്ടിവന്നു. പല ഭാഗങ്ങളും ഇംഗ്ലീഷിൽനിന്ന് പരിഭാഷചെയ്തെടുത്തതുമാണ്. ഗ്രന്ഥങ്ങളിൽനിന്നുമുള്ള 'ലേഖന'ങ്ങളാണെങ്കിൽ, ഒരേ വിഷയത്തെ സ്പർശിക്കുന്ന ശകലങ്ങൾ, ഒന്നുമുതൽ അറ്റംവരെയുള്ള പുറങ്ങളിൽനിന്നും പെറുക്കിയെടുത്തു കൂട്ടിച്ചേർത്തവയുമാണ്. ഇതെല്ലാം പകർത്തിത്തന്നതും, ഡിക്ടേഷൻ എഴുതിത്തന്നതും എന്റെ നാട്ടിലെ ചങ്ങാതിമാരായ ശ്രീ എ.എ. ഭാസ്കരനും കെ.കെ. സുരേന്ദ്രനുമാണ്. രാപകലില്ലാതെ 1000 'ഫുൾസ്കാപ്പ്' ഷീറ്റുകൾ കൂടുതലും എന്നോടുള്ള സ്നേഹത്തിന്റെ പേരിൽ മിനക്കെട്ടു പകർത്തിത്തന്ന ആ ചങ്ങാതിമാരോട് ഒടുങ്ങാത്ത കടപ്പാടാണുള്ളത്.

ഈ പുസ്തകത്തിൽ ചേർക്കാൻ പുതിയതായി ലേഖനങ്ങൾ എഴുതി വാങ്ങാതിരിക്കുക എന്ന ഒരു നയമാണ് ആദ്യന്തം ഞാനനുവർത്തിച്ചത്. പുസ്തകത്തിന്റെ അച്ചടി തീർന്നപ്പോഴും ആ അഭിപ്രായം തന്നായി എന്ന് എനിക്ക് തോന്നുന്നു. പക്ഷേ, ചില സുപ്രധാനമായ വിടവുകൾ നികത്താൻ അപൂർവം ലേഖനങ്ങൾ, വിഷയം നിർദ്ദേശിച്ച് എഴുതിവാങ്ങേണ്ടിവന്നിട്ടുണ്ട്. ചുവടെ, പ്രത്യേകം ഗ്രന്ഥത്തിന്റെയോ, പത്രത്തിന്റെയോ പേരു കാണാതെ വരുന്ന ലേഖനങ്ങൾ എല്ലാം അത്തരത്തിൽപെട്ടവയാണ്. ആ ലേഖനങ്ങൾ എഴുതിത്തന്ന ആ മഹാന്മാരെല്ലാം ഈ സംരംഭത്തിന്റെ നേരെയുള്ള ആദരവുകൊണ്ടാണ് സമയം തെറ്റാതെ അതെല്ലാം എഴുതിത്തന്നത്.

എറണാകുളം
15.12.1954

**പി.കെ. ബാലകൃഷ്ണൻ**

* കെ. അയ്യപ്പൻ (പ്രസിഡന്റ്), കെ.കെ. വിശ്വനാഥൻ (സെക്രട്ടറി), പി.കെ. ഡീവർ, പി.എ. സെയ്തുമുഹമ്മദ്, പി.കെ. ബാലകൃഷ്ണൻ, കെ.കെ. മാധവൻ.

# ആമുഖം

ഈ പുസ്തകം ആദ്യം ഇറങ്ങിയപ്പോൾ സാഹചര്യവശാൽ പറയാൻ കഴിയാതെപോയ ഒന്നുരണ്ടു കാര്യങ്ങൾ ഒരു സത്യവാങ്മൂലമായി രേഖപ്പെടുത്താനാണ് ഇപ്പോൾ ഈ ആമുഖം എഴുതുന്നത്. നാളിതുവരെ കേരളത്തിൽ ജനിച്ച രണ്ടു മൂന്നു ചരിത്രമഹാപുരുഷന്മാരിൽ ഒരാളാണ് നാരായണഗുരു. സാമൂഹ്യചരിത്രത്തിന്റെയും സാംസ്കാരികചരിത്രത്തിന്റെയും കണ്ണുവച്ചു നോക്കുമ്പോൾ ഏറ്റവും കൂടുതൽ ചരിത്രപ്രാധാന്യമുള്ള വ്യക്തി അദ്ദേഹമാണെന്നുതന്നെ വന്നേക്കാം. ഇത്ര സാർവത്രികപ്രസക്തിയുള്ള ഈ പ്രതിഭാസം, നമ്മുടെ സമൂഹത്തിന്റെ ഘടനാവൈചിത്ര്യം മൂലമാവാം, ഇന്നു പരക്കെ മനസ്സിലാക്കപ്പെടുന്നില്ല. പൂർവചരിത്രഗതി സത്യമായി ഗ്രഹിച്ചു വിലയിരുത്താതെ ഭാവിചരിത്രം വേണ്ടവിധത്തിൽ രൂപപ്പെടുത്താൻ കഴിയുകയില്ല എന്ന സത്യത്തിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്വാമിയോടുള്ള ഈ വിഗണനയിൽ ഒരു അപകടം പതിയിരിപ്പുണ്ടെന്നു കാണാം.

ഇഴവസമുദായത്തിന് ഉത്കർഷമുണ്ടാക്കിയ ഈഴവമഹാചാര്യനാണ് നാരായണഗുരു എന്ന ധാരണയാണ് ഈഴവരല്ലാത്ത എല്ലാ കേരളീയർക്കും ഇന്നുള്ളത് എന്ന ഒരു ബോധം മനസ്സിൽവച്ചുകൊണ്ടാണ് ഞാൻ ഈ പുസ്തകം തയ്യാറാക്കിയത്. ആ ബോധനില മനഃപൂർവമായ സ്പർദ്ധകൊണ്ടല്ലെന്നും, നാരായണഗുരുവിനു ചരിത്രപ്രാധാന്യം കൈവരുത്തുന്ന ശപ്തമായ നമ്മുടെ സാമൂഹ്യവിധാനത്തിന്റെ കുസൃതികൊണ്ടാണെന്നും ഞാൻ ധരിച്ചിരുന്നു; ഇന്നും ധരിക്കുന്നു. പക്ഷേ, ഒട്ടും അപ്രധാനമല്ലാത്ത ഒരു കാരണംകൂടി ഈ അവഗണനയ്ക്കു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. സ്വാമിയുടെ ഭക്തജനങ്ങളും ആരാധകലക്ഷങ്ങളും അദ്ദേഹത്തിന്റെ ചരിത്രം കൈകാര്യം ചെയ്യുന്ന രീതിയാണത്. ഭക്തിയും ആരാധനയും മുൻപേറായില്ലാത്ത മനസ്സുകളിൽ, നിലവിലുള്ള അപദാനവിവരണരീതി വൈരസ്യമോ പുച്ഛമോ ജനിപ്പിക്കുന്നു എന്നാണെന്റെ അനുഭവം.

ഈഴവരുടെ ഇന്നത്തെ സമസ്ത സാമുദായികസംരംഭങ്ങളുടെയും പ്രഭവകേന്ദ്രമായി നാരായണഗുരുവിനെ അവതരിപ്പിക്കുന്ന നില ചരിത്രപരമായി മുഴുവനും ശരിയല്ല; സ്വാമിയോടും അവനവനോടും നീതികാണിക്കുന്ന നിലയുമല്ല. പക്ഷേ, ഈഴവസമുദായത്തിന്റെ സത്യമായ ഈ തെറ്റിദ്ധാരണ അവരുടെ ഭക്തിയിൽ തീവ്രതയും, ആരാധനയിൽ കടുംവർണപ്പകിട്ടുകളും ആരോപിക്കുന്നു. അപദാനവർണനകൾക്കുവേണ്ടി ത്രസിക്കുന്ന ഭക്തജനങ്ങൾ ആരാധനാമൂർത്തിയെപ്പറ്റിയുള്ള പുതിയ വിവരണങ്ങളോടു വൈരസ്യമുള്ള മനസ്സുള്ളവരുമാണ്. അങ്ങനെ സ്വാമിയെപ്പറ്റി ഇറങ്ങിക്കൊണ്ടിരുന്ന കൃതികൾ മിക്കതും അന്വേഷണാസക്തിയുടെ കവാടം തഴുതിട്ടു പൂട്ടിയ ആ ഭക്തിയുടെ വിഭാഗീയാന്തരീക്ഷം അറിഞ്ഞും അറിയാതെയും ശ്വസിക്കുന്നവയായിത്തീരുന്നു.

ഈ ചുറ്റുപാടിൽ സ്വാമികളുടെ ചരിത്രം പ്രയാസകരമായ ഒരു കുരുക്കിൽപ്പെട്ടതുപോലെയാണ് നില. തുറന്ന മനസ്സും പഠനതാത്പര്യവുമുള്ള ഈഴവേതരനായ ഒരു സാമൂഹ്യശാസ്ത്രവിദ്യാർത്ഥിക്കുപോലും താത്പര്യമുളവാക്കുന്ന രീതിയിലല്ല ഇന്ന് 'ശ്രീനാരായണസാഹിത്യ'ത്തിന്റെ പോക്ക്. വായനയിലുള്ള താത്പര്യംകൊണ്ടു മാത്രം ഒരാൾ സ്വാമിയെപ്പറ്റി കിട്ടാവുന്ന ഒരു ഗ്രന്ഥം വായിച്ചുതുടങ്ങിയാൽ പലപ്പോഴും മുഷിഞ്ഞും, മിക്കപ്പോഴും വൈരസ്യം തോന്നിയും പിന്തിരിയേണ്ടിവരുന്നു. ഐൻസ്റ്റിന്റേയോ ക്രിസ്തുവിന്റേയോ വേണ്ട—വിവേകാനന്ദന്റെ, ഒരു ജീവചരിത്രമെഴുതുമ്പോൾ ഉപയോഗിക്കുന്ന ഒരു ഭാഷപോലും 'സ്വാമിയെപ്പറ്റി'യായാൽ 'ഗുരുനിന്ദ'യാകുമെന്നതാണ് നില. അറിയാത്തവരെ വൈഭവപൂർവം വിവരങ്ങൾ പറഞ്ഞറിയിക്കുകയാണ് എഴുത്തിന്റെ ലക്ഷ്യമെന്ന പ്രാഥമികകാര്യംപോലും ഇവിടെ വിസ്മരിക്കപ്പെട്ടിരിക്കുന്നു. സ്വാമിയെപ്പറ്റി ചിന്തിക്കുമ്പോൾ 'സ്വാമിതൃപ്പാദങ്ങൾ' എന്ന പദമാണ് എനിക്കു ജാത്യാ മനസ്സിൽ ഉദിക്കുക. കുടുംബത്തിൽനിന്നുതന്നെ സ്വാമിയുടെ മാഹാത്മ്യം അനുഭവപ്പെട്ടു വളർന്നിട്ടില്ലാത്ത വിജാതീയനായ എന്റെ ചങ്ങാതിക്ക്, ഇത്തരം വിശേഷണ